കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഉണ്ട്.

(ബി&സി) സംസ്ഥാനത്തെ എല്ലാ കർഷകരെയും അവരുടെ കൃഷിയെക്കുറിച്ചുമുള്ള സമഗ്രമായ ഒരു ഡേറ്റാബേസ് ഉണ്ടാക്കുക, പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും ഈ ഡേറ്റാബേസ് ഉപയോഗിക്കുക, കർഷക ഡേറ്റാബേസ് പൂർത്തിയാക്കുന്ന മുറയ്ക്ക് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ കർഷകരുടെ അക്കൗണ്ടുകളിൽ നൽകുകയും ചെയ്യുക തുടങ്ങിയവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. രജിസ്റ്റർ ചെയ്ത കർഷകർക്കുള്ള അഗ്രികാർഡ് വിതരണം നടന്നുവരുന്നു. അഗ്രി കാർഡ് എ.റ്റി.എം. കാർഡായും കിസാൻ ക്രെഡിറ്റ് കാർഡായും ഉപയോഗിക്കാവുന്നതാണ്. കേരള ഗ്രാമീൺ ബാങ്ക് മുഖാന്തരമാണ് അഗ്രികാർഡ് വിതരണം നടന്നുവരുന്നത്.

സംസ്ഥാനത്തെ കൃഷിഭവനുകളിലാണ് രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്.

രജിസ്ട്രേഷനുവേണ്ടി കൃഷിഭവനിൽനിന്നും ലഭ്യമാകുന്ന അപേക്ഷകൾ കർഷകർ പൂരിപ്പിച്ച് കൃഷിഭവനുകളിൽ നൽകണം. ഇപ്രകാരം ലഭ്യമായ അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങളിൽ എത്തിക്കുകയും, അവിടെ വച്ച് അപേക്ഷകളിലെ വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഇങ്ങനെ 18.7 ലക്ഷം അപേക്ഷകൾ ലഭിച്ചതിൽ 17.59 ലക്ഷം അപേക്ഷകൾ ഡേറ്റാബേസിൽ ചേർത്തിട്ടുണ്ട്. ഇതിൽ മറ്റ് പ്രസക്തമായ വിവരങ്ങൾ, ആധാർ നമ്പർ എന്നിവ കൂടി ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികളും നടന്നുവരുന്നുണ്ട്.

ഗ്രാമവികസനത്തിന് കർമ്മ പദ്ധതികൾ

19 (*139) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാരിന്റെ കാലത്ത് ഗ്രാമവികസനത്തിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതികൾ മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) ഉണ്ട്.

(ബി) ഗ്രാമങ്ങളിൽ ലഭ്യമായ ഭൗതികവും മാനുഷികവുമായ വിഭവങ്ങളുടെ സമ്പൂർണ്ണമായ ഉപയോഗം വഴി ഗ്രാമീണ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സംവിധാനം ചെയ്യുന്ന വിവിധ പദ്ധതികൾ ഗ്രാമവികസന വകുപ്പുവഴി നടപ്പിലാക്കിവരുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യാധിഷ്ഠിതമായി തൊഴിൽ ഉറപ്പാക്കുക, വേതന വിതരണത്തിലെ കാലതാമസം ഒഴിവാക്കി കൂലി യഥാസമയം വിതരണം ചെയ്യുക, പട്ടികജാതി/പട്ടികവർഗ്ഗ, ദുർബല ജനവിഭാഗങ്ങളിലെ അർഹരായ എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ അംഗങ്ങളാക്കുകയും വ്യക്തിഗത ഉപജീവനാസ്തികൾ സൃഷ്ടിക്കുകയും ചെയ്യുക. ഇവരുടെ സങ്കേതങ്ങളിൽ പൊതു അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തുക, സാധനഘടകങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തി ഈടുറ്റതും ഗുണമേന്മയുള്ളതുമായ പൊതു ആസ്തികൾ സൃഷ്ടിക്കുക, സുതാര്യതയും കാര്യക്ഷമതയും ഉത്തരവാദിത്വവും ശക്തിപ്പെടുത്തുക, പരാതി പരിഹാരം സമയബന്ധിതമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

മറ്റൊരു പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ.) പദ്ധതിയിൽ ഗ്രാമീണ മേഖലയിൽ റോഡ് ബന്ധമില്ലാത്ത ആവാസ കേന്ദ്രങ്ങളെ എല്ലാ കാലാവസ്ഥയും അനുയോജ്യമായ റോഡ് മുഖാന്തരം ബന്ധിപ്പിച്ച് ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.

കൂടാതെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പാർപ്പിടം നിർമ്മിക്കുന്നതിനുള്ള ഇന്ദിര ആവാസ് യോജന പദ്ധതി, മണ്ണും ജലവും ജൈവസമ്പത്തും തമ്മിലുള്ള സ്വാഭാവിക ജൈവബന്ധം നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നടപ്പിലാക്കുന്നതിനും അതിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

മണ്ണിലെ ഈർപ്പം വർദ്ധിപ്പിക്കുന്നതിനും ഭൂഗർഭജലവിതാനം മെച്ചപ്പെടുത്തുന്നതിനും കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) തുടങ്ങിയവയും ഗ്രാമവികസന വകുപ്പുവഴി നടപ്പിലാക്കിവരുന്നുണ്ട്.

(സി) ഗ്രാമവികസന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുമ്പ് തന്നെ പദ്ധതികൾ ആവിഷ്കരിക്കുകയും സാമ്പത്തിക വർഷത്തിലെ ആദ്യമാസമായ ഏപ്രിൽ മാസം തന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുവരുന്നു.

തൊഴിലുറപ്പ് പദ്ധതി

20 (*140) ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ പിന്തുണ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് വേതനം യഥാസമയം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) ഉണ്ട്. സംസ്ഥാനത്ത്, എല്ലാ ജില്ലകളിലേയും തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിലയിരുത്തൽ പഠനങ്ങൾ നടത്തുന്നതിനായി വിദഗ്ധ ഏജൻസികളെ സർക്കാർ നിയോഗിക്കുകയും പ്രസ്തുത സ്ഥാപനങ്ങൾ പഠന റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്കും ശിപാർശകൾക്കും അനുസൃതമായി പദ്ധതിയുടെ ആസൂത്രണം, നടത്തിപ്പ്, മോണിറ്ററിംഗ് എന്നിവ കൂടുതൽ സുതാര്യവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly